IV. KSRTC ൽ നിന്ന് വർക്കിംഗ് അറേഞ്ചുമെന്റ് /ഡെപ്യൂട്ടേഷൻ പ്രകാരം നിയമിക്കപ്പെടുന്നവർക്കുള്ള വ്യവസ്ഥകൾ :

1. ഖണ്ഡിക (I1)ൽ പരാമർശിച്ചിട്ടുള്ള സേവന വ്യവസ്ഥകൾക്ക് വിധേയമായി, സേവനം അനുഷ്ഠിക്കുന്നതിന് സമ്മതമുള്ള KSRTCയിലെ ജീവനക്കാർക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ വർക്കിംഗ് അറേഞ്ചുമെന്റ് /ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡ്രൈവർ അല്ലെങ്കിൽ കണ്ടക്ടർ തസ്തികയിൽ നിയമനം നൽകുന്നതിന് പരിഗണിയ്ക്കും .

2. ഇപ്രകാരം നിയമിതരാകുന്നവർ ഫസ്റ്റ് എയ്ഡ് ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതും പരീക്ഷ പാസാകേണ്ടതുമാണ്.

3. വർക്കിംഗ് അറേഞ്ചുമെന്റ് /ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളത്തിനായിരിക്കും അർഹത. എന്നാൽ സ്വിഫ്റ്റ് കമ്പനിയിലെ പ്രത്യേക ബത്തകൾ/ഇൻസെന്റീവ് എന്നിവയ്ക്ക് വർക്കിങ് അറേഞ്ചുമെന്റ് /ഡെപ്യൂട്ടേഷൻ പ്രകാരം നിയമിക്കപ്പെടുന്നവർക്കും അർഹത ഉണ്ടായിരിക്കും.

4. വർക്കിംഗ് അറേഞ്ചുമെന്റ് /ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ KSRTC-SWIFT ൽ ജോലി ചെയ്യുന്നതിനിടെയുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് KSRTC സ്വിഫ്റ്റ് ന്റെ റിപ്പോർട്ട് പ്രകാരം KSRTC യ്ക്ക് അച്ചടക്ക നടപടി എടുക്കാവുന്നതും ടി നടപടി പ്രകാരം ചുമത്തുന്ന പിഴ ടിയാന്റെ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാവുന്നതുമാണ്.

5. വർക്കിംഗ് അറേഞ്ചുമെന്റ് /ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ബസ് ഓപ്പറേറ്റിംഗ് കാര്യങ്ങളിൽ ബാധകമാകുന്നത് കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് കമ്പനിയുടെ സേവന വ്യവസ്ഥകൾ മാത്രമായിരിക്കും. ഇക്കാര്യത്തിൽ (ഡ്യൂട്ടി/ഷെഡ്യൂൾ തുടങ്ങിയവ), ഈ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.യിലെ സേവന വ്യവസ്ഥകൾ ബാധകമായിരിക്കില്ല.

..........................................................................